**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് - 2019 മെയ് മുതൽ ജൂലൈ മാസം വരെയുള്ള വിവിധ ക്ഷേമനിധി ബോർഡ് പെൻഷൻ വിതരണത്തിനുള്ള തുക അനുവദിച്ച ഉത്തരവ് ഭേദഗതി ചെയ്തു ഉത്തരവ് പുറപ്പെടുവിക്കുന്നു

**ധനകാര്യ (എസ്.എഫ്.സി. സെൽ – ബി) വകുപ്പ്**

**G.O (Rt) No.6951/2019/FIN** തീയതി ,തിരുവനന്തപുരം, 29/08/2019

പരാമർശം :-1. സ.ഉ.(സാധാ) നം. 6780/2019/ധന തീയതി: 24.08.2019
2. 26.08.2019 തീയതിയിലെ കേരള ക്ഷീര കർഷക ക്ഷേമനിധി ബോർഡിൽ നിന്നുള്ള KDFWF/B/2225/19 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സർക്കാർ ധനസഹായം ഉപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡുകൾക്ക് പരാമർശം ഒന്ന് പ്രകാരം 2019 മെയ് മുതൽ ജൂലൈ മാസം വരെയുള്ള 3 മാസത്തെ ക്ഷേമനിധി ബോർഡ് പെൻഷൻ വിതരണം ചെയ്യുന്നതിന് 224,92,14,431/- രൂപ (ഇരുന്നൂറ്റി ഇരുപത്തിനാലു കോടി തൊണ്ണൂറ്റിരണ്ട് ലക്ഷത്തി പതിനാലായിരത്തി നാനൂറ്റി മുപ്പത്തിയൊന്നു രൂപ മാത്രം) അനുവദിച്ചിട്ടുണ്ട് . എന്നാൽ 2019 മെയ് മുതൽ ജൂലൈ മാസം വരെയുള്ള 3 മാസത്തെ ക്ഷേമനിധി ബോർഡ് പെൻഷൻ വിതരണം ചെയ്യുന്നതിന് 1,70,29,800/-രൂപ അധികമായി ആവശ്യമുണ്ടെന്നു കേരള ക്ഷീര കർഷക ക്ഷേമനിധി ബോർഡ് പരാമർശം രണ്ട് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും കേരള ക്ഷീര കർഷക ക്ഷേമനിധി ബോർഡ് അധികമായി ആവശ്യപ്പെട്ട 1,70,29,800/-രൂപ (ഒരു കോടി എഴുപതു ലക്ഷത്തി ഇരുപത്തിഒൻപതിനായിരത്തി എണ്ണൂറ് രൂപ മാത്രം ) അനുവദിക്കുകയും പ്രസ്തുത തുക അവരുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകുന്നതിന് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന് അനുവാദം നൽകുകയും പരാമർശം ഒന്നിലെ സർക്കാർ ഉത്തരവിന്റെ അനുബന്ധത്തിലെ ക്രമ നമ്പർ 4 താഴെ പറയും പ്രകാരം ഭേദഗതിചെയ്തു കൊള്ളുകയും ചെയ്യുന്നു.

3. സർക്കാർ ധനസഹായം ഉപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡുകൾക്ക് 2019 മെയ് മുതൽ ജൂലൈ മാസം വരെയുള്ള 3 മാസത്തെ ക്ഷേമനിധി ബോർഡ് പെൻഷൻ വിതരണം ചെയ്യുന്നതിന് 226,62,44,231/-രൂപ (ഇരുന്നൂറ്റി

ഇരുപത്തിയാറു കോടി അറുപത്തിരണ്ട് ലക്ഷത്തി നാല്പത്തിനാലായിരത്തി ഇരുനൂറ്റി മുപ്പത്തിയൊന്നു രൂപ മാത്രം) അനുവദിച്ചു ഉത്തരവാകുന്നു

4. പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് ഇത്തരത്തിൽ ഭേദഗതി ചെയ്തുകൊള്ളുന്നു.

| | ബോർഡ് | | | 5/2019 | 6/2019 | 7/2019 | | ആകെ |
|---|---|---|---|---|---|---|---|---|
| 4 | ക്ഷീര കർഷക പെൻഷൻ | SBI, തിരുവനന്തപുരം സിറ്റി ശാഖ,SBIN0070028,67004044174 | 56994 | 50868900 | 51104700 | 51294600 | 0 | 153268200 |

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സുരേഷ് കുമാർ ഒ . ബി**
**ഡെപ്യൂട്ടി സെക്രട്ടറി (ധനകാര്യം )**

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ , കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ക്ഷീര കർഷക ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ
ധനകാര്യ (ലേബർ/രഹസ്യ/കൃഷി) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്(www.finance.kerala.gov.in)
ബിൽ/കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**